# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 616 — 01-12-2015-ൽ മറുപടിക്ക്

## എമർജിംഗ് കേരള

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പാലോട് രവി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എമർജിംഗ് കേരള നിക്ഷേപക സംഗമം വഴി പദ്ധതികൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;<br><br>(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ) & (ബി) കേരളത്തിലെ നിക്ഷേപ സാധ്യതകളെ ക്കുറിച്ച് ദേശീയ അന്തർദേശിയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്ന തിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്ന തിനും വേണ്ടി 2012 സെപ്റ്റംബർ 12 മുതൽ 14 വരെ എമർജിങ്ങ് കേരള സംഗമം കെ.എസ്.ഐ.ഡി.സി മുഖേന നടത്തി യിരുന്നു.<br><br>എമർജിങ്ങ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. 2015 മാർച്ച് മാസം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അതത് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അവതരിപ്പിച്ച ഈ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി അവ ലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുരോഗമിക്കുന്ന 56 പദ്ധതികളാണ് |

ഇപ്പോൾ നിലവിലുള്ളത്, ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം 14 പദ്ധതികളാണുള്ളത്. ഇതിൽ രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചു വരുന്നു.

**(സി)** ആയത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ ?

**(സി)** എമർജിങ്ങ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പി ലേക്കും, പദ്ധതി നിർദ്ദേശങ്ങൾക്ക് സമയ ബന്ധിതമായി അംഗീകാരം കൊടുക്കുന്നു വെന്ന് ഉറപ്പുവരുത്തുന്നതിനും, നയപര മായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനു മായി ഒരു ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും; ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കിക്കൊണ്ട് പദ്ധതി കൾക്ക് അംഗീകാരം കൊടുക്കുന്നതിനു വേണ്ടി ഒരു ഇൻവെസ്റ്റ്മെന്റ് ക്ലീയറൻസ് ബോർഡും രുപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ, എമർജിങ്ങ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും, പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ